# ശോഭാ ഡെവലപ്പേഴ്സിന് മികച്ച ബിസിനസ് ഡെവലപ്മെന്റ് അവാർഡ്



ശ്വേത കപൂറിൽനിന്ന് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ദേവദാസ് മുന്ദ്ര അവാർഡ് ഏറ്റുവാങ്ങുന്നു

കൊച്ചി: ബിസിനസ് ഇന്ത്യ എക്സിബിഷൻസ് നൽകുന്ന സെലിബ്രേഷൻ ഓഫ് ആർക്കിടെക്ചർ ബെസ്റ്റ് ബിസിനസ് ഡെവലപ്മെന്റ് അവാർഡിന് രാജ്യത്തെ ഏറ്റവും വലിയ റിയൽ എസ്റ്റേറ്റ് കമ്പനികളിലൊന്നായ ശോഭാ ഡെവലപ്പേഴ്സ് അർഹമായി. സ്വതന്ത്ര ഇന്ത്യയിൽ നാളിതുവരെ നിർമിക്കപ്പെട്ട ഏറ്റവും വലിയ ഒറ്റക്കെട്ടിടമാണ് കമ്പനിക്ക് ഈ അവാർഡ് നേടിക്കൊടുത്തത്. ബാംഗ്ലൂരിൽ ഇൻഫോസിസ് ഗ്ലോബൽ എഡ്യൂക്കേഷനു വേണ്ടി ശോഭാ ഡെവലപ്പേഴ്സ് നിർമിച്ച രണ്ടാം ഘട്ട കെട്ടിടമാണ് 10 ലക്ഷം ചതുരശ്ര അടിക്കു മേൽ വിസ്തൃതിയുള്ള ഈ വാസ്തുശിൽപ്പ വിസ്മയം. ഈ അവാർഡ് ലഭിച്ചതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട് - വിശേഷിച്ചും ബാംഗ്ലൂർ ആസ്ഥാനമായുള്ള ഒരു റിയൽ എസ്റ്റേറ്റ് കമ്പനിക്ക് ലഭിച്ച ആദ്യ അവാർഡ് എന്ന നിലയിൽ. ആഗോള ഗുണനിലവാരത്തിലും മികച്ച നിർമാണ മികവിലുമുള്ള ഞങ്ങളുടെ പ്രതിബദ്ധത ഈ അംഗീകാരം ആവർത്തിച്ചുറപ്പിക്കുന്നു, അവാർഡ് ഏറ്റുവാങ്ങിയ ശേഷം കമ്പനിയുടെ ഡിസൈൻ & എൻജിനീയറിംഗ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ദേവദാസ് മുന്ദ്ര പറഞ്ഞു. ഇൻസൈഡ് ഔട്ട്സൈഡ് മാഗസിനുമായിച്ചേർന്ന് ബിസിനസ് ഇന്ത്യ എക്സിബിഷൻസ് ഇതാദ്യമായാണ് സെലിബ്രേഷൻ ഓഫ് ആർക്കിടെക്ചർ അവാർഡുകൾ ഏർപ്പെടുത്തിയത്. ദേശീയ, പ്രാദേശിക തലങ്ങളിൽ മൂന്ന് വിഭാഗങ്ങളിലായാണ് ഈ അവാർഡുകൾ നൽകിയത്. സ്വതന്ത്ര ഇന്ത്യയിൽ നാളിതുവരെ നിർമിക്കപ്പെട്ട ഏറ്റവും വലിയ ഒറ്റക്കെട്ടിടമാണ് ഇൻഫോസിസ് ഗ്ലോബൽ എഡ്യൂക്കേഷൻ രണ്ട്. പ്രശസ്ത വാസ്തുശിൽപ്പി ഹഫീസ് കോൺട്രാക്ടർ രൂപകൽപ്പന ചെയ്ത് ശോഭാ ഡെവലപ്പേഴ്സ് നിർമിച്ച ഈ കെട്ടിടത്തിന് 10 ലക്ഷം ചതുരശ്ര അടിക്കു മേൽ വിസ്തൃതിയുണ്ട്. രാഷ്ട്രപതി ഭവനേക്കാൾ വിസ്തൃതിയും തുല്യമായ ഗാംഭീര്യവുമുള്ള ഈ കെട്ടിടത്തോട് കിടപിടിക്കുന്ന വിദ്യാഭ്യാസ കേന്ദ്രങ്ങൾ ലോകത്തെങ്ങും തന്നെ ഇല്ലെന്നു പറയാം. ശോഭയുടെ ഗുണനിലവാരത്തിനും പ്രവർത്തന മികവിനും ലഭിച്ച അംഗീകരമാണിതെന്ന് മാനേജിംഗ് ഡയറക്ടർ ജെ. സി. ശർമ പറഞ്ഞു. ഭാവിയിലും ഈ മികവ് തങ്ങൾ കാത്തുസൂക്ഷിക്കുമെന്നും ജെ. സി. ശർമ പറഞ്ഞു.

1995ൽ സ്ഥാപിക്കപ്പെട്ട ശോഭാ ഡെവലപ്പേഴ്സ് ഇതുവരെ 72 പാർപ്പിട പദ്ധതികളിലായി 4.32 കോടി ച അടി വിസ്തീർണത്തിൽ കെട്ടിടങ്ങൾ നിർമിച്ചു. 79.8 ലക്ഷം ച അടി നിർമിക്കുന്ന 28 പാർപ്പിട പദ്ധതികൾ നിലവിലുണ്ട്. 41 പദ്ധതികളിലായി 82.6 കോടി ച അടി നിർമിക്കുന്നതിനുള്ള കരാർ ജോലിയും കമ്പനി ഏറ്റെടുത്തിട്ടുണ്ട്. ഇന്ത്യയിലെ 12 സംസ്ഥാനങ്ങളിലായി കമ്പനിക്ക് 21 നഗരങ്ങളിൽ സാന്നിധ്യമുണ്ട്.